സമഗ്ര ഗുണമേന്മ പദ്ധതിയിലൂടെ ഓരോ കുട്ടിയും മികവിലേക്ക്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26



**ഗവ. എൽ.പി. സ്കൂൾ വെളിയനാട്**

**കുട്ടനാട് . ആലപ്പുഴ . കേരളം**

**ആമുഖം**

സമഗ്ര ഗുണമേന്മ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ എത്തിക്കുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്ക് അനുസരിച്ചും പുതിയതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക , മാനസിക, വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത് . എല്ലാ കുട്ടികൾക്കും അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു.

എല്ലാ ധൈഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ഗവൺമെൻറ് എൽ പി സ്കൂൾ വെളിയനാടിന്റെ സജീവമായ പിടിഎ , എം പി ടി എ , അധ്യാപകർ , പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കായുള്ള ആസൂത്രണമാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത്.

**സ്കൂൾ ചരിത്രം**

കാർഷിക മേഖലയായ വെളിയനാട് പഞ്ചായത്തിലെ പൂച്ചാലിൽ പാടശേഖരത്തോട് ചേർന്ന് കിടക്കുന്ന ബണ്ടിലാണ് 1912 ൽ ഈ വിദ്യാലയം സ്ഥാപിതമായത്. പൊതു വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒട്ടുമില്ലാതിരുന്ന ഈ പ്രദേശത്ത് പഠന സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ അക്കാലത്തെ പൗര പ്രമുഖനായിരുന്ന ശ്രീ. ചെറിയാൻ വർഗ്ഗീസ് മാളിയേക്കൽ സൗജന്യമായും മങ്കൊമ്പ് ശ്രീ നീലകണ്ഠ അയ്യർ, ശ്രീ ഔസേഫ് തോപ്പിൽ എന്നിവർ സൗജന്യ നിരക്കിലും നൽകിയ 50 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം നിൽക്കുന്നത്.

പാടശേഖരങ്ങളോട് ചേർന്നുള്ള നീന്തുചാലുകളും തടിപ്പാലങ്ങളും മാത്രമാണ് ഈ സ്കൂളിലേക്ക് എത്തിച്ചേരുന്നതിന് അക്കാലത്ത് ഉണ്ടായിരുന്നുള്ളൂ എന്ന പറയപ്പെടുന്നു. കുട്ടനാട്ടിലെ വെള്ളപ്പൊക്ക കാലത്ത് ഈ സ്കൂൾ ആളുകളെ മാറ്റി പാർപ്പിക്കുന്നതിനുള്ള ക്യാമ്പായി ഉപയോഗിച്ചിരുന്നു. ശ്രീ കേശവപിള്ള, ശ്രീമതി ഗൗരിയമ്മ, ശ്രീമതി പാപ്പിയമ്മ എന്നിവർ ഈ സ്കൂളിലെ ആദ്യ കാല അധ്യാപകർ. ഈ സ്കൂളിൽ പഠിച്ച്, വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ അനേകം വിദ്യാർത്ഥികളും അധ്യാപകരും നിരവധിയുണ്ട്. പ്രശസ്ത കാഥികനും, ഓടനാട്, എന്ന സാഹിത്യകാരനുമായ ശ്രീ. കേശവപിള്ളയാണ് ഈ സ്കൂളിന്റെ സ്ഥാപകൻ. കാഥികനായ ഓടനാട് എന്ന പേരിൽ അറിയപ്പെടുന്ന ഇദ്ദേഹം ഈ സ്കൂളിൽ അധ്യാപകനായിരുന്നു.

**കാഴ്ച്ചപ്പാട്**

ശാസ്ത്ര സാങ്കേതിക വിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ,  അതിന്റെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കേണ്ടതുണ്ട്.
മുഴുവൻ ക്ലാസ് മുറികളും ഡിജിറ്റൽ ക്ലാസ് മുറി എന്ന സങ്കല്പത്തിലൂടെ, സ്കൂൾ ഹൈടെക് ആക്കി മാറ്റാൻ കഴിഞ്ഞാൽ, പഠന ബോധന പ്രക്രിയ ഫലപ്രദവും മനോഹരവുമാകും. ഇതിന് നിലവിലുള്ള ഹൈടെക് ഉപകരണങ്ങളോടൊപ്പം ശിശു സൗഹൃദ ഇരിപ്പടങ്ങൾ, മുടക്കം കൂടാതെ വൈദ്യുതിയും ഇന്റർനെറ്റും ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ എന്നിവയും ഒരുക്കണം.

പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വ്യത്യസ്ത പഠന ഉപാധികൾ ഉപയോഗിച്ചുകൊണ്ടുള്ള പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകാൻ കഴിയണം. മോഡലുകൾ ചിത്രങ്ങൾ, കഥകൾ, കളികൾ എന്നിവ ഇതിനായി പ്രയോജനപ്പെടുത്തണം. വിദ്യാലയ ചുമരുകളിലും, പുറം മതിലുകളിലും പഠന

സാധ്യതകൾക്ക് മുൻതൂക്കം നൽകുന്ന ചിത്രങ്ങൾ വരക്കുന്നത്, ശിശു സൗഹൃദ വിദ്യാലയം എന്ന നിലയിൽ

സ്കൂളിനെ ആകർഷമകമാക്കും എന്നുമാത്രമല്ല മികച്ച ഒരു പഠന ഉപാധിയായി ഉപയോഗിക്കുന്നതിന് ഇവ പര്യാപ്തമാകുകയും ചെയ്യും.

മികച്ച ക്ലാസ് മുറികൾ എന്നതുപോലെ തന്നെ കുട്ടികളുടെ ഒഴിവുസമയ വായന, സർഗ്ഗാത്മക പ്രവർത്തനങ്ങൾ, അവയുടെ പരിശീലനങ്ങൾ, തുടങ്ങിയവയ്ക്ക് ഇണങ്ങിയ പ്രത്യേക ഇടങ്ങളും അവയ്ക്കുള്ള സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ജൈവ വൈവിധ്യ ഉദ്യാനം, സ്കൂൾ മുറ്റത്തെ പച്ചക്കറിതോട്ടം എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം കൂടുതൽ സജീവമാക്കുന്നതിനും മികച്ച പരിസര പഠനത്തിനും കൃഷിയോടുള്ള ആഭിമുഖ്യം കുട്ടികളിൽ വർദ്ധിപ്പിക്കുന്നതിനും സഹായമാകും.

കുട്ടികളുടെ പഠന മികവിന്, സ്കൂളിൽ നിന്ന് മാത്രമല്ല, വീട്ടിൽ നിന്നുകൂടി നല്ല പഠന പിന്തുണ ലഭ്യമാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശീലനം അമ്മമാർക്ക് നൽകാൻ കഴിയണം. ഒരു പിന്നോക്ക പ്രദേശം എന്ന നിലയിലും കുട്ടികളുടെ വീടുകളിലെ ഭൗതിക സാഹചര്യങ്ങളുടെ പരിമിതികൾ പരിഗണിച്ചും പൊതു സമൂഹത്തിന്റെ നല്ലപഠന പിന്തുണ കുട്ടികൾക്ക് ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ 'പഠന വീടുകൾ' പുനഃരുജ്ജീവിപ്പിച്ച സജീവമാക്കണം.

**അവസ്ഥാ വിശകലനം**

നിലവിൽ 5 മുറികളോടുകൂടി 'L' ഷേപ്പിലുള്ള കെട്ടിടവും ആഡിറ്റോറിയവും ആഫീസും പ്രവർത്തിക്കുന്ന പ്രാധന കെട്ടിടവും, സി.ആർ.സി. കെട്ടിടവും, ഗ്യാസ് കണക്ഷനോടുകൂടിയ അടുക്കള, വൃത്തിയുള്ള ശുചിമുറികൾ എന്നിവയും സ്കൂളിനുണ്ട്. ഇന്റർനെറ്റ് കണക്ഷൻ ഇല്ല. പ്രീ- പ്രൈമറിയുടെ ശാക്തീകരണത്തിനായി സ്കൂളിൽ 2025 ൽ " വർണ്ണക്കൂടാരം " പദ്ധതി ലഭിച്ചിട്ടുണ്ട് . ശിശുസൗഹൃദ ഇരിപ്പിടങ്ങളുടെയും ഫർണിച്ചറുകളുടെയും അഭാവവും, ശുദ്ധജല ലഭ്യതയില്ലാത്തതും, അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ എല്ലാ ക്ലാസ് മുറികളിലും സ്കൂളിലേക്കുള്ള വഴിയിലും വെള്ളം കയറുന്നതുമൂലം വലിയ പ്രതിസന്ധിയിലാണ് ഈ വിദ്യാലയം. മറ്റിടങ്ങളെ അപേക്ഷിച്ച്, ക്ലാസ് മുറികളിലെയും കാമ്പസ്സിലെയും വഴിയിലെയും വെള്ളമിറങ്ങാൻ താമസിക്കുന്നത് പ്രതിസന്ധി വളരെ ഗുരുതരമാക്കുന്നു.

കർഷക തൊഴിലാളികളടക്കമുള്ള സാധാരണ ജനവിഭാഗങ്ങളിലെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത് ഭാഷാനൈപുണ്യം, ഗണിതക്രിയാശേഷി എന്നിവയിലൊക്കെ മുഴുവൻ കുട്ടികൾക്കും കൂടുതൽ മികവ് നേടുന്നതിനുള്ള പഠന പിന്തുണ ലഭിക്കുന്നതിന് പലരുടെയും ജീവിത നിലവാരവും വീടുകളിലെ ഭൗതിക സാഹചര്യങ്ങളും പര്യാപ്തമല്ല. അതുകൊണ്ടു തന്നെ, പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ, മുന്നോക്കം കൊണ്ടുവരുന്നതിന് സ്വയംപഠന ത്തോടൊപ്പം, കൂട്ടായ പഠനവും സാധ്യമാക്കുന്നതിനുള്ള സാമൂഹ്യപിന്തുണയും അവസരങ്ങളും ഉറപ്പുവരുത്തേണ്ടതുണ്ട്. കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിന് അമ്മമാർക്ക് അവരുടെ മക്കൾ പഠിക്കേണ്ട പാഠഭാഗങ്ങളെക്കുറിച്ച് ശരിയായ ധാരണ ലഭിക്കുന്നതിന് പരിശീലനങ്ങളും ആവശ്യമായിട്ടുണ്ട്. 2023 ലെ നവകേരള സദസ്സ് വഴി സ്കൂളിന് ആറ് ക്ലാസ്സ് മുറികളും ഓഫീസ് കം സ്റ്റാഫ് റൂം , കംപ്യൂട്ടർ കം റീഡിങ് റൂം, ആധുനിക കിച്ചൻ കം സ്റ്റോർ റൂം , ടോയ്‌ലെറ്റുകൾ മുതലായവ ഉൾപ്പെടുന്ന സ്മാർട്ട് സ്കൂൾ കെട്ടിടം അനുവദിച്ചിട്ടുണ്ട് . ഇതിന്റെ D – ഡ്രോയിങ് സ്കൂൾ പി.ടി.എ. അംഗീകരിച്ച തുടർ നടപടികൾക്കായി പി.ഡബ്ലിയു.ഡി. കെട്ടിട വിഭാഗത്തിലേക്ക് കൈമാറിയിരിക്കുകയാണ് , തുടർ നടപടികൾ ഉടൻ ഉണ്ടാകും എന്ന് പ്രതീക്ഷിക്കപ്പെടുന്നു.

**നേട്ടങ്ങൾ**

മികവുള്ള അധ്യാപകർ. ഓരോ കുട്ടിയും ഒന്നാമനാകണം എന്ന ലക്ഷ്യത്തിൽ ഊന്നിയുള്ള പ്രവർത്തങ്ങൾ . കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിക്കുന്ന പ്രവർത്തങ്ങൾ . സർഗാത്മക വേദികൾ , ആശയപ്രകടനവേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം .പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്നു. കാർഷിക പ്രവർത്തികളും സ്കൂൾ പഠനത്തിന്റെ ഭാഗമായി നടത്തുന്നു.

അക്കാദമിക പ്രവർത്തങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുള്ള അധ്യാപക സമൂഹം ഈ സ്കൂളിനുണ്ട് . മികച്ച രീതിയിൽ അവ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. എങ്കിലും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത്, വെള്ളപ്പൊക്കം സ്കൂളിനെ ഗൗരവകരമായി ബാധിക്കുന്നതിനാലാണ് . കഴിഞ്ഞ മൂന്ന് അക്കാദമിക വർഷങ്ങളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ :

| | 2023 - 24 | | | 2024 - 25 | | | 2025 - 26 | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| പ്രീ-പ്രൈമറി | 12 | 16 | 28 | 16 | 15 | 31 | 10 | 9 | 19 |
| ക്ലാസ് - 1 | 8 | 9 | 17 | 5 | 1 | 6 | 7 | 5 | 12 |
| ക്ലാസ് - 2 | 8 | 6 | 14 | 7 | 9 | 16 | 5 | 1 | 6 |
| ക്ലാസ് - 3 | 10 | 6 | 16 | 5 | 3 | 8 | 4 | 7 | 11 |
| ക്ലാസ് - 4 | 12 | 10 | 22 | 9 | 7 | 16 | 5 | 3 | 8 |
| ആകെ | | | 97 | | | 77 | | | 56 |

| **ജീവനക്കാർ** | |
|---|---|
| **തസ്തിക** | **എണ്ണം** |
| ഹെഡ്മാസ്റ്റർ | 1 |
| എൽ.പി.എസ്.ടി. | 3 |
| പി.ടി.സി.എം. | 1 |
| പ്രീ-പ്രൈമറി ടീച്ചർ | 1 |
| പ്രീ-പ്രൈമറി ആയ | 1 |
| പാചക തൊഴിലാളി | 1 |

| **അടിസ്ഥാന വിവരങ്ങൾ** | | | |
|---|---|---|---|
| സ്കൂളിന്റെ പേര് | ഗവ. എൽ .പി . സ്കൂൾ വെളിയനാട് | ബി.ആർ.സി. | വെളിയനാട് |
| മേൽവിലാസം | വെളിയനാട് പി.ഒ., കുട്ടനാട് ,ആലപ്പുഴ | സി.ആർ.സി. | വെളിയനാട് |
| ഫോൺ | 9495670775 | ഗ്രാമപഞ്ചായത്ത് | വെളിയനാട് |
| സ്കൂൾ കോഡ് | 46406 | ബ്ലോക്ക്പഞ്ചായത്ത് | വെളിയനാട് |
| ഉപജില്ല | വെളിയനാട് | ജില്ലാ പഞ്ചായത്ത് | ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | കുട്ടനാട് | ലോകസഭാ മണ്ഡലം | മാവേലിക്കര |
| റവന്യൂ ജില്ല | ആലപ്പുഴ | താലൂക്ക് | കുട്ടനാട് |
| നിയമസഭാമണ്ഡലം | കുട്ടനാട് | വില്ലേജ് | വെളിയനാട് |
| ഇ-മെയിൽ വിലാസം | veliyanadlpgs@gmail.com | | |

**പൊതു ലക്ഷ്യങ്ങൾ**

1. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ച എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
5. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനു അധ്യാപകരെ ശാക്തീകരിക്കുക, അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക.
6. സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ സജ്ജീകരിക്കുക.
7. ഓരോ ടീമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുക.
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി, അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.
9. ആശയ പ്രകടന ശേഷി വർധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, അപകർഷതാബോധം ഒഴിവാക്കി ആക്റ്റീവായ വിദ്യാർഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
10. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
11. മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറ്റച്ചട്ടം പാലിച്ച്, സമ്പൂർണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വ വേസ്റ്റ് മാനേജ്മെന്റ് , മലിനജലം നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കുക.
12. കൃഷി ഔഷധത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കുക.
13. വിദ്യാലയം ഹൈടെക് ആക്കി മാറ്റുക.
14. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവർക്കെതിരെ മുൻകരുതലുകൾ സ്വീകരിക്കുക.

**സവിശേഷ ലക്ഷ്യങ്ങൾ**

**ഭാഷാ വികസനം**

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

**ഇംഗ്ലീഷ്**

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ്സ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

**പരിസര പഠനം**

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകര ണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

**സാമൂഹികാവബോധം**

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

**ഗണിതം**

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2 ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

**ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ**

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യ തകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

**പ്രവൃത്തി പരിചയം**

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പ സങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

**കലാപരിശീലനം**

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

**ആരോഗ്യ കായിക വിദ്യാഭ്യാസം**

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

**വിലയിരുത്തൽ രേഖ**

സമഗ്ര പുരോഗതി ലക്ഷ്യമിടുന്ന ഒരു രേഖയാണ് ഹോളിസ്റ്റിക് പ്രോഗ്രസ്സ് കാർഡ് . 'എന്റെ കുട്ടി' എന്ന ഈ രേഖ, കുട്ടിയുടെ ബഹു മേഖലകളെയും വിലയിരുത്തുന്ന ഒന്നായിരിക്കും. വിലയിരുത്തുന്നതിനൊപ്പം പിന്തുണയും നൽകുന്ന ഒരു രേഖയായിരിക്കും 'എന്റെ കുട്ടി'.

## പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം 1

പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രാർശിപ്പിക്കുന്ന ലഘുവിവരണവും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം. (2 പുസ്തകം) | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം 2**

പേര് : എന്റെ പുസ്തകം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു.\| 'എന്റെ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 1000/- |

**പ്രവർത്തനം 3**

പേര് : റേഡിയോ വായന

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 4

വായനാകോർണർ

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക.<br><br>റീഡേഴ്സ് തീയറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം \| വായനാ കോർണർ ഒരുക്കുന്നു.<br><br>ക്ലാസ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000/- |

**പ്രവർത്തനം : 5**

സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ .<br>ലൈബ്രേറിയനെ നിയമിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ<br>പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 6000/- |

പ്രവർത്തനം: 6

ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വന്തം ആശയങ്ങൾ വിവിധ രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിനു ള്ള കഴിവ് ആർജ്ജിക്കുക | ഓരോ മാസത്തിലെയും പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്ത നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000/- |

പ്രവർത്തനം: 7

എന്റെ വായന കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായന കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000/- |

പ്രവർത്തനം: 8

രചന ഉത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന അതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി, വ്യവഹാരരൂപങ്ങൾ മാറ്റി എഴുതൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000/- |

പ്രവർത്തനം: 9

സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന അതിനുള്ള കഴിവ് നേടുക | വ്യവഹാരരൂപങ്ങൾ മാറ്റി എഴുതൽ, വിവിധതരത്തിൽ ആവിഷ്കരിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000/- |

പ്രവർത്തനം: 10

ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക.

ഉപമേഖല : ആശയ ഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000/- |

പ്രവർത്തനം: 11

റീഡേഴ്സ് തീയറ്റർ

ഉപമേഖല : വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ താൽപര്യവും അഭിനയവും വഴി വ്യക്തിത്വ വികസനം. | കുട്ടികൾക്ക് അഭിനയത്തോടെ വായിക്കാൻ പരിശീലനം നൽകുന്നു. കഥാനായകൻ സംഭാഷണശൈലി ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് 'അഭിനയം വായന'യുടെ അവതരണം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ എല്ലാ മാസവും . | ക്ലാസ്സ് ടീച്ചർ | 2000/- |

പ്രവർത്തനം: 12

ഭാഷാ ഉത്സവം

ഉപമേഖല : ഭാഷയുടെ കാഴ്ച വൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക. ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | പ്രസംഗം, കഥപറയൽ, കവിതാപാരായണം, കൊളാഷുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാ മികവ് പ്രകടിപ്പിക്കാൻ അവസരം. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ | 2000/- |

പ്രവർത്തനം: 13

അരങ്ങത്തേക്ക്

ഉപമേഖല : അവതരണ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസം വർധിപ്പിക്കുകയും വേദികളിൽ ആശയവിനിമയ മികവ് പ്രകടിപ്പിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ കഥകൾ സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവും ഉള്ള ഒരു ക്ലാസ് അരങ്ങൊരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ | 2000/- |

## ഇംഗ്ലീഷ്

പ്രവർത്തനം: 1

ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ചയിലൊരു ദിവസം കുട്ടികൾ, അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ. ഇംഗ്ലീഷ് ക്ലബ്ബ് | 2000/- |

പ്രവർത്തനം: 2

ഇംഗ്ലീഷ് ഡയറി

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെ അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. ആഴ്ചയിലൊരു ദിവസം | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ. | 2000/- |

പ്രവർത്തനം 3

ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച്, ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു. ജൂൺ- പരിസ്ഥിതി, ജൂലൈ -ചന്ദ്രൻ, ആഗസ്റ്റ് -സ്വാതന്ത്ര്യദിനം, സെപ്റ്റംബർ – ഓണം, ഒക്ടോബർ - ഗാന്ധിജയന്തി, നവംബർ – കേരളം, ഡിസംബർ -ക്രിസ്തുമസ്, ജനുവരി -ന്യൂ ഇയർ..... | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ. | 2000/- |

പ്രവർത്തനം 4

റീഡിങ് കാർഡ് വർഷോപ്പ്

ഉപമേഖല : വായന സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളുടെ സഹായത്തോടെ ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കൽ. | ജൂൺ. | ക്ലാസ്സ് ടീച്ചർ. എസ്.ആർ.ജി SSG | 2000/- |

പ്രവർത്തനം 4

വർക്ക്ഷീറ്റ് വർഷോപ്പ്

ഉപമേഖല : വായന സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാൻ സഹായിക്കുക. | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപക ശാക്തീകരണം. | ജൂലൈ, ഓഗസ്റ്റ് | ക്ലാസ്സ് ടീച്ചർ. എസ്.ആർ.ജി SSG | 3000/- |

**ഗണിതം**

പ്രവർത്തനം 1

ഗണിത വർക്ക് ഷീറ്റ് ശില്പശാല

ഉപമേഖല : വർക്ക്ഷീറ്റ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ. | ക്ലാസ്സ് ടീച്ചർ. എസ്.ആർ.ജി SSG | 3000/- |

പ്രവർത്തനം 2

ഗണിതലാബ്

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ. | എസ്.എം.സി എസ്.ആർ.ജി SSG | 15000/- |

പ്രവർത്തനം 3

ഗണിത മൂല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി കളിനോട്ട് കാർഡുകൾ മുതലായവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 1500/- |

പ്രവർത്തനം 4

യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് പരീക്ഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ | ഓരോ യൂണിറ്റിന്റെയും അവസാനം, മൂല്യനിർണയം നടത്തി പരിഹാരബോധനം നടപ്പിലാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ. | | | | |

പ്രവർത്തനം 5

ഗണിത ക്ലാസ് പിടിഎ

ഉപമേഖല : ക്ലാസ് പി.ടി.എ. ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ ഗൃഹപാഠങ്ങൾ, പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 6

ഗണിതം മധുരം

ഉപമേഖല : ഗണിതകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ മുതലായവ സംഘടിപ്പിക്കൽ. | ആഗസ്റ്റ് മുതൽ ഡിസംബർ വരെ | ക്ലാസ്സ് ടീച്ചർ<br>എസ്.എം.സി<br>എസ്.ആർ.ജി<br>SSG | 15000/- |

**പരിസര പഠനം**

പ്രവർത്തനം 1

ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര - പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ, നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഇണങ്ങുംവിധം ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ഓരോ ടേമിലും | എസ്.എം.സി<br>എസ്.ആർ.ജി<br>SSG<br>ക്ലാസ്സ് ടീച്ചർ | 4000/- |

പ്രവർത്തനം 2

എന്റെ പരീക്ഷണം

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠന താല്പര്യം വളർത്തുക. ശാസ്ത്ര അവബോധം - ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 4000/- |

പ്രവർത്തനം 3

പരീക്ഷണ കിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര – ക്രിയാ ശേഷികളുടെ വളർച്ചയ്ക്ക് ഇണങ്ങും വിധത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ | 4000/- |

പ്രവർത്തനം 4

പരീക്ഷണ ഉത്സവം

ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളി ലേക്കുള്ള താല്പര്യവും മന:ശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ നടത്തി അന്വർഥമാക്കുന്നതുവഴി കുട്ടികൾ സ്വന്തം ജീവിതത്തിൽ ശാസ്ത്ര ബോധ്യങ്ങളിലുറച്ച ജീവിതം കെട്ടിപ്പടുക്കുന്നവരാകുന്നതിൽ ഉത്സാഹികളാകുന്നു. | എല്ലാ മാസത്തിലും | ക്ലാസ്സ് ടീച്ചർ ശാസ്ത്രക്ലബ്ബ് | 4000/- |

**ഉപസംഹാരം**

വെളിയനാട് ഗവ.എൽ.പി. സ്കൂളിൽ അക്കാദമികവും ഭൗതികവുമായ മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയാണ് സമർപ്പിച്ചിരിക്കുന്നത് . എല്ലാ മേഖലകളിലും കുട്ടികൾ കൈവരിക്കേണ്ട സമഗ്രവികസനമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഒരു നാടിന്റെ വികസനം അവിടുത്തെ ഭാവിതലമുറയ്ക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരത്തെക്കൂടി ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ സ്കൂൾ ഈ ലക്ഷ്യം മുൻനിർത്തി നടത്തുന്ന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് കമ്മറ്റി, ജനപ്രതിനിധികൾ, എസ്.എസ്.കെ , പൂർവ്വവിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ എന്നിവർ നൽകുന്ന സഹകരണത്തെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും ഈ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും അഭ്യർത്ഥിക്കുന്നു.

©